**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146** **08-02-2023 - ൽ മറുപടിയ്ക്ക്**

**ജന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജന്തുരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2004 മുതൽ സംസ്ഥാനത്ത് ജന്തുരോഗ നിയന്ത്രണ പദ്ധതി (ADCP)പ്രവർത്തിച്ചുവരുന്നു. ആറുമാസം ഇടവിട്ട് 26 റൗണ്ട് എഫ് എം ഡി ക്യാമ്പയിൻ സംസ്ഥാനത്ത് നടത്തി. 2020 മുതൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ (NADCP) ഭാഗമായി FMD CP ക്യാമ്പയിനുകൾ നടത്തി വരുന്നു. മൂന്ന് റൗണ്ട് FMD വാക്സിനേഷൻ പൂർത്തിയാക്കി കഴിഞ്ഞു. എല്ലാവർഷവും ASCAD പദ്ധതി പ്രകാരം കോഴികൾക്കും താറാവുകൾക്കും പ്രതിരോധ വാക്സിനേഷനുകൾ നടത്തുന്നു. 2023 ജനുവരി മുതൽ ചർമ മുഴയുടെ (LSD) കാർപെറ്റ് വാക്സിനേഷൻ നടത്തിവരുന്നു. കൂടാതെ പാലോട് IAH & VB യിൽ നിന്നും HS, ആന്ത്രാക്സ്, BQ, PPR, ക്ലാസിക്കൽ സ്വൈൻ ഫീവർ എന്നീ വാക്സിനുകൾ സംഭരിച്ച് ആവശ്യാനുസരണം സംസ്ഥാനത്തെ പക്ഷിമൃഗാദികളെ വാക്സിനേറ്റ് ചെയ്ത് ജന്തുരോഗം നിയന്ത്രണ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡിസംബർ, ജനുവരി മാസങ്ങളിൽ കണ്ടെത്തിയ പക്ഷിപ്പനി നിയന്ത്രിക്കുന്നതിനും ഇത് മറ്റ് മേഖലകളിലേക്ക് പടരുന്നത് തടയുന്നതിനുമായി സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ; | (ബി) | പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷിവർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവുചെയ്യുന്നുണ്ട്. അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ എന്നിവയും ശാസ്ത്രീയമായി നശിപ്പിക്കുന്നു. തുടർന്നുള്ള സാനിറ്റൈസേഷൻ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ചെയ്തു വരുന്നു. |
| (സി) | ഇത്തരത്തിൽ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കർഷകർക്ക് | (സി) | ഉണ്ട്. 2022 വരെയുള്ള കാലയളവിൽ പക്ഷിപ്പനിമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകി |

| | | | |
|---|---|---|---|
| | ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; | | കഴിഞ്ഞു. 2023 വർഷത്തെ നാശനഷ്ടങ്ങളുടെ കണക്കുകൾ ക്രോഡീകരിച്ചു വരുന്നു. |
| (ഡി) | ഇത്തരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഉണ്ട്. 2022 വരെയുള്ള കാലയളവിൽ പക്ഷിപ്പനിമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകി കഴിഞ്ഞു. 2023 വർഷത്തെ നാശനഷ്ടങ്ങളുടെ കണക്കുകൾ ക്രോഡീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ